III സബ്മിഷൻ

(i) ശുദ്ധജലം ലഭിക്കാത്തതിനെ സംബന്ധിച്ച് ശ്രീ. പി.ബി.ആർ. പിള്ളയുടെ സബ്മിഷൻ:

ശ്രീ. പി.ബി.ആർ. പിള്ള: സർ, നമ്മുടെ രാജ്യത്ത് ഇന്നു കടുത്ത വരൾച്ചമൂലം സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും ശുദ്ധജലം കിട്ടാൻ നിവൃത്തിയില്ലാതെ വളരെയധികം ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. പല പ്രദേശങ്ങളിലും വാട്ടർ സപ്ലൈ സ്കീം നിന്നിരിക്കുകയാണ്. പല ഹോട്ടലുകളും വെള്ളം കിട്ടാത്തതുകൊണ്ട് ഭക്ഷണം പാചകം ചെയ്യാൻ നിവൃത്തിയില്ലാതെ അടച്ചുപൂട്ടിയിരിക്കുകയാണ്. പലയിടത്തും ശുദ്ധജലം കിട്ടാതെ മലിനജലം കൊണ്ടു കാപ്പിയും ചായയുമൊക്കെ ഉണ്ടാക്കി പകർച്ചവ്യാധികളും വരെ ഉണ്ടാക്കുന്ന ഒരു സാഹചര്യത്തിലേക്കു നമ്മുടെ നാടു നീങ്ങിയിരിക്കുകയാണ്. വളരെ അടിയന്തിരമായി ഈ കാര്യത്തിൽ ഗവൺമെന്റ് ഇടപെട്ട് പഞ്ചായത്തുകളും മുഖേനയും മറ്റു തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും മുഖേനയും ഗ്രാമങ്ങളിൽ ആവശ്യമായ വാട്ടർസപ്ലൈ എത്തിച്ചുകൊടുക്കാനുള്ള ഒരു സംവിധാനമുണ്ടാക്കിയില്ലെങ്കിൽ ആകെപ്പാടെ കുഴപ്പമാണു സർ. പല കൊച്ചുവീടുകളിലും വെള്ളമില്ലെന്നുള്ള ഒരൊറ്റ കാരണത്താൽ ഭക്ഷണം പാചകം ചെയ്യാൻ കഴിയാത്ത നൂറുനൂറു സംഭവങ്ങളും ഇന്നലെ എന്റെ ശ്രദ്ധയിൽ പെട്ടു. വീടുകളിൽ ഭക്ഷണം പാചകം ചെയ്യാൻ വെള്ളമില്ല. മനുഷ്യന്റെ പ്രാഥമികാവശ്യങ്ങൾക്കു വെള്ളമില്ല. ഒരാഴ്ചകൂടി ഈ വരൾച്ച ഇങ്ങനെ നീങ്ങിയാൽ നമ്മുടെ പൊതുജീവിതത്തിൽത്തന്നെ ഒരു സ്തംഭനമുണ്ടാകും. പലയാളുകളും പട്ടിണിയാകും; പല മരണങ്ങളും ഉണ്ടാകും. അതുകൊണ്ട് കാലാവസ്ഥയുടെ പ്രതികൂലമായ ഈ അവസ്ഥയെ തരണംചെയ്യാൻ ഗവൺമെന്റു ഫലപ്രദമായ നടപടി സ്വീകരിക്കണം. പഞ്ചായത്തുകളും മുഖേന ആളുകൾക്കു ശുദ്ധജലം എത്തിച്ചുകൊടുക്കാനുള്ള ഒരു നടപടി അടിയന്തിരമായി ചെയ്യണമെന്നുള്ള ഒരഭ്യർത്ഥന ഞാൻ അങ്ങയുടെ മുൻപിൽ വയ്ക്കുകയാണ്. വേണ്ടതു ചെയ്തുതരണം.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): സർ, മനുഷ്യന്റെ കഴിവിനതീതമായ കാരണങ്ങൾകൊണ്ട് അഭൂതപൂർവ്വമായ വരൾച്ചയാണു നമ്മുടെ നാട്ടിൽ ഇന്നുണ്ടായിട്ടുള്ളത്. ഈ വരൾച്ച ഇല്ലാതാക്കാൻ ഗവൺമെന്റു വിചാരിച്ചാൽ കഴിയുമെന്ന് എനിക്കു തോന്നുന്നില്ല. ചെയ്യാവുന്ന നടപടികളെല്ലാം ഗവൺമെന്റു ചെയ്യുന്നുണ്ട്.

ശ്രീ. പി.ബി.ആർ. പിള്ള: പഞ്ചായത്തു മുഖേന ലോറികളിൽ കുറെ വെള്ളം അത്യാവശ്യമുള്ള സ്ഥലത്ത് എത്തിച്ചുകൊടുക്കാൻ ഏർപ്പാടുചെയ്താൽ മതി.

(ii) അശ്ലീല സാഹിത്യങ്ങൾ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് ശ്രീ. ടി.എം. ജേക്കബിന്റെ സബ്മിഷൻ:

ശ്രീ. ടി.എം. ജേക്കബ്: സർ, നമ്മുടെ മലയാള സംസ്ക്കാരത്തിനാകെ കളങ്കം ചാർത്തുന്ന രൂപത്തിൽ നമ്മുടെ സംസ്ഥാനത്ത് ഒരുപാറ മാളുകൾ സിനിമാവേദിയിലും പ്രസിദ്ധീകരണരംഗത്തുമൊക്കെ പ്രവർത്തിക്കുന്ന കാര്യം ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽ നേരത്തെ കൊണ്ടു വന്നിരുന്നതാണ്. സർ, നമ്മുടെ സംസ്ഥാനത്ത് ഇന്നു കച്ചവട

LIBRARY ARCHIVES Kerala Legislative Assembly